പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 4260 | 03.02.2014 -ലെ മറുപടിക്ക്.

നിയമവിരുദ്ധ ബഹുനില കെട്ടിടങ്ങൾക്ക് സ്റ്റോപ്പ് മെമ്മോ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സി. മോയിൻകുട്ടി : | ശ്രീ. ഷിബു ബേബി ജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി) |
| (എ) 1996-ലെ ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് നിയമവും ചട്ടങ്ങളും പ്രകാരമുള്ള സുരക്ഷാക്രമീകരണങ്ങൾ ഏർപ്പെടുത്താതെയുള്ള നിർമ്മാണ പ്രവർത്തനങ്ങളുടെ പേരിൽ സംസ്ഥാന ത്തൊട്ടാകെ 2012, 2013 വർഷങ്ങളിൽ എത്ര ബഹുനില ഫ്ലാറ്റുകൾക്ക് സ്റ്റോപ്പ് മെമ്മോ നല്കിയിട്ടുണ്ട് ; വ്യവസ്ഥകൾ പാലിച്ച ശേഷം എത്രയെണ്ണത്തിന് സ്റ്റോപ്പ് മെമ്മോ പിൻവലിച്ച് ഉത്തരവ് നല്കിയിട്ടുണ്ടെന്നതിന്റെ ജില്ലതിരിച്ചുള്ള കണക്ക് നല്കാമോ ; | (എ) 2012-ൽ 8 എണ്ണത്തിന് സ്റ്റോപ്പ് മെമ്മോ നല്കിയിട്ടുണ്ട്. അതിൽ 7 എണ്ണം പിൻവലിച്ചു. ഒന്ന് പിൻവലിച്ചിട്ടില്ല.<br>2013-ൽ 3 എണ്ണത്തിന് സ്റ്റോപ്പ് മെമ്മോ നല്കിയിട്ടുണ്ട്. അതിൽ ഒന്ന് പിൻവലിച്ചു. 2 എണ്ണം പിൻവലിച്ചിട്ടില്ല.<br>ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) 2013-ൽ മൂന്ന് മെട്രോ നഗരങ്ങളിൽ ഇക്കാരണത്താൽ സ്റ്റോപ്പ് മെമ്മോ നല്കിയ ബഹുനില ഫ്ലാറ്റുകളുടെ പേരുവിവരം വെളിപ്പെടുത്തുമോ ? | (ബി) വിദ്യാ അക്കാഡമി എഞ്ചിനീയറിംഗ് കോളേജ്, തട്ടത്തുമല, മലയ്ക്കൽ പി.ഒ, തിരുവനന്തപുരം - 695 602. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

ജില്ല തിരിച്ചുള്ള വിവരം താഴെ ചേർക്കുന്നു.

| നമ്പർ | ജില്ല | 2012 | 2013 | പിൻവലിച്ചത് |
|---|---|---|---|---|
| 1. | തിരുവനന്തപുരം | 2 | 1 | 2012-ലെ ഒന്ന് പിൻവലിച്ചു. 2012-ലെ ഒന്ന് പിൻവലിച്ചില്ല. 2013-ലെ ഒന്ന് പിൻവലിച്ചില്ല. |
| 2. | കൊല്ലം | ഇല്ല | ഇല്ല | ഇല്ല |
| 3. | പത്തനംതിട്ട | 1 | ഇല്ല | പിൻവലിച്ചു |
| 4. | ആലപ്പുഴ | ഇല്ല | ഇല്ല | ഇല്ല |
| 5. | കോട്ടയം | 1 | ഇല്ല | പിൻവലിച്ചു |
| 6. | എറണാകുളം | 1 | ഇല്ല | പിൻവലിച്ചു |
| 7. | തൃശ്ശൂർ | ഇല്ല | ഇല്ല | ഇല്ല |
| 8. | ഇടുക്കി | ഇല്ല | ഇല്ല | ഇല്ല |
| 9. | പാലക്കാട് | ഇല്ല | ഇല്ല | ഇല്ല |
| 10. | കോഴിക്കോട് | 1 | 1 | രണ്ടും പിൻവലിച്ചു |
| 11. | മലപ്പുറം | ഇല്ല | 1 | പിൻവലിച്ചില്ല. |
| 12. | വയനാട് | 2 | ഇല്ല | രണ്ടും പിൻവലിച്ചു |
| 13. | കണ്ണൂർ | ഇല്ല | ഇല്ല | ഇല്ല |
| 14. | കാസർഗോഡ് | ഇല്ല | ഇല്ല | ഇല്ല |

സെക്ഷൻ ഓഫീസർ